# ആദ്ധ്യാത്മികപഠനകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തമാക്കണം

നായർസമുദായത്തിലെ കുട്ടികൾക്ക് നമ്മുടെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വേദങ്ങൾ, പുരാണങ്ങൾ തുടങ്ങിയ ആത്മീയകാര്യങ്ങളിൽ സാമാന്യമായ അറിവ് നല്കുന്നതിനും, ധാർമ്മികമൂല്യങ്ങളെ സംബന്ധിച്ചും ആചാര്യന്മാരെക്കുറിച്ചും, പ്രത്യേകിച്ച് സമുദായാചാര്യനെക്കുറിച്ചും, നായർ സർവീസ് സൊസൈറ്റിയെക്കുറിച്ചും അവരെ ബോധവാന്മാരാക്കുന്നതിനും വേണ്ടിയാണ് എല്ലാ എൻ.എസ്.എസ്. കരയോഗങ്ങളോടും ചേർന്ന് ആദ്ധ്യാത്മികപഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നായർ സർവീസ് സൊസൈറ്റി തീരുമാനിച്ചതും നടപ്പിലാക്കിവരുന്നതും.

നല്ല രീതിയിൽ അവയുടെ പ്രവർത്തനം പുരോഗമിച്ചുവന്നിരുന്നു. എന്നാൽ, കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് 2020 മുതൽ ഈ കേന്ദ്രങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി. പഠനകേന്ദ്രങ്ങൾ സംബന്ധിച്ചുള്ള ഒരു സ്ഥിതിവിവരക്കണക്ക് താലൂക്കുതലത്തിൽ ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ പല പഠനകേന്ദ്രങ്ങളുടെയും പ്രവർത്തനം നിലച്ചമട്ടിലാണെന്ന് കാണുകയുണ്ടായി. എങ്കിലും പ്രവർത്തനം നടത്തിവരുന്ന പഠനകേന്ദ്രങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2023 വർഷത്തേക്ക് അനുവദിച്ചിട്ടുള്ള ഗ്രാന്റ് ബന്ധപ്പെട്ട താലൂക്ക് യൂണിയൻവഴി കരയോഗങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആദ്ധ്യാത്മികപഠനകേന്ദ്രങ്ങൾ ഒരു സ്ഥിരംസംവിധാനമായി നിലനില്ക്കേണ്ടത് അനിവാര്യമാണ്. അതിന്, ബന്ധപ്പെട്ട താലൂക്ക് യൂണിയനുകളുടെയും കരയോഗങ്ങളുടെയും വനിതാസമാജങ്ങളുടെയും മന്നം സോഷ്യൽ സർവീസ് സൊസൈറ്റികളുടെയും തുടർച്ചയായ മേൽനോട്ടവും സഹകരണവും സഹായവും തുടരേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇപ്പോൾ നടന്നുവരുന്ന പഠനകേന്ദ്രങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും, പ്രവർത്തനം മന്ദീഭവിച്ച പഠനകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ സത്വരനടപടി താലൂക്ക് യൂണിയനുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ഇതിന്റെ ആവശ്യകത മനസ്സിലാക്കാതെ ഇത്തരം പഠനകേന്ദ്രങ്ങളിൽ നമ്മുടെ കുട്ടികൾ ആഴ്ചയിൽ ഒരുദിവസം നടക്കുന്ന ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നുള്ളത് എടുത്തു പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ കുട്ടികളെ കർമ്മബോധമുള്ളവരാക്കിയെടുക്കുന്നതിനും അവർ സമൂഹത്തിൽ ഒറ്റപ്പെടാതെ സ്വയം ശക്തരാകുന്നതിനും ഇതാണ് മാർഗ്ഗം. വരുംകാലതലമുറയ്ക്കുവേണ്ടി ഇക്കാര്യത്തിൽ ആരേക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടതും മുൻകൈ എടുക്കേണ്ടതും കുട്ടികളുടെ മാതാപിതാക്കളാണ്.